പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1209

06/02/2020-ൽ
മറുപടിയ്ക്ക്

## മണലൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് കെട്ടിട നിർമ്മാണം പുരോഗമിക്കുന്നത് എന്നറിയിക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ 3 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;<br>1. മുല്ലശ്ശേരി ഗവ. എച്ച്.എസ്.എസ് - 5 കോടി<br>2. പി.ജെ.എം.എസ്.ജി.എച്ച്.എസ്.എസ് കണ്ടശൻകടവ് - 1 കോടി<br>3. ഗവ. എച്ച്.എസ്.എസ് വാടാനപ്പള്ളി -1 കോടി<br>ഇതിൽ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്തുന്ന പദ്ധതിയിലുൾപ്പെട്ട മുല്ലശ്ശേരി ഗവ. എച്ച്.എസ്.എസിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. മറ്റ് രണ്ട് സ്കൂളുകളുടേയും ഡി.പി.ആർ 'KILA' തയ്യാറാക്കിവരുന്നു. |
| (ബി) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ കെട്ടിട നിർമ്മാണം കരാറുകാരന്റെ വീഴ്ചമൂലം നിലച്ചതിനാൽ കരാറുകാരനെ മാറ്റി കെട്ടിടനിർമ്മാണം പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) കെട്ടിടനിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കരാർചുമതലയുള്ള ശ്രീശൈലം ഗ്രൂപ്പ് കരാർ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുകയും കാലതാമസം ഉണ്ടാക്കുകയും ചെയ്തതിനാൽ പ്രസ്തുത കരാറുകാരന്റെ കോൺട്രാക്ട് നിർത്തി വച്ചിരിക്കുകയാണ്. ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കാൻ കൈറ്റ് നടപടി ആരംഭിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |

Namitha.P
**സെക്ഷൻ ഓഫീസർ**